**പൂർവ സുഹൃത്തിനെ ഇത്രയേറെ വെറുക്കാൻ അമേരിക്കയെ പ്രേരിപ്പിച്ച യഥാർഥ കാരണം എന്തായിരിക്കും? സൈനിക ഭീഷണിയാകില്ലെന്നുറപ്പ്. സദ്ദാമിനു വേണ്ടി നടന്ന തെരച്ചിലും തിക്‌രീതിൽനിന്ന് പിടികൂടിയപ്പോഴുള്ള ആഹ്ലാദ പ്രതികരണവും ഒടുവിൽ അപ്രധാന കുറ്റകൃത്യത്തിന്റെ പേരിൽ അദ്ദേഹത്തെ വകവരുത്താനുള്ള അ സാമാന്യ തിടുക്കവും ചേർത്തുവെച്ച് നോക്കുമ്പോൾ യുക്തിപൂർവകമായ ഒരുത്തരം ആരെങ്കിലും കണ്ടെത്തേ ണ്ടിയിരിക്കുന്നു.**

# സദ്ദാം
# ഒരു പ്രതീകം വിടവാങ്ങുമ്പോൾ

**എം.സി.എ നാസർ**



**അധിനിവേശ** നാളിൽ യു.എസ് സൈനികർക്ക് മറ്റൊരു ചുമതല കൂടിയുണ്ടായിരുന്നു- കീഴടങ്ങിയ ജനതക്കിടയിൽ സദ്ദാം ഹുസൈൻ ഉണ്ടോ എന്ന കാര്യം ഉറപ്പുവരുത്തൽ. അതിർത്തി പ്രദേശമായ സ്വഫ്‌വാൻ മുതൽ ബഗ്ദാദ് വരെ അവരുടെ കണ്ണുകൾ സദ്ദാമിനു വേണ്ടി വട്ടംപിടിച്ചു. തിക്‌രീതിലെ ഇറാഖി ഭവനങ്ങളുടെ അടുക്കളയിൽ വരെ ചെന്നെത്തി ആ കഴുകക്കണ്ണുകൾ. അന്വേഷണം നിഷ്ഫലമെന്നു കണ്ടപ്പോഴാണ് സദ്ദാമിന്റെ ജീവത്തായ ചിത്രങ്ങളിലേക്കും പ്രതിമകളിലേക്കും അവരുടെ ശ്രദ്ധ തിരിഞ്ഞത്.

ബസ്വറ തുറമുഖത്തിനു സമീപത്തെ കൂറ്റൻ ഭിത്തിയിൽ സൈനിക യൂനിഫോമിലുള്ള സദ്ദാമിന്റെ മനോഹര ചിത്രമുണ്ടായിരുന്നു. ഏതോ കലാകാരൻ ദിവസങ്ങളെടുത്ത് പണിതീർത്തത്. ശത്രുവിനെ തുരത്താനുള്ള ഓപറേഷൻ പോലെയായിരുന്നു അത് കളങ്കപ്പെടുത്താനുള്ള യു.എസ് സൈനിക നീക്കം. ആദ്യം കല്ലുകൊണ്ടും പിന്നീട് കൈയിലെ ആയുധങ്ങൾ ഉപയോഗിച്ചും ചിത്രം ഒരു പരുവത്തിലാക്കാൻ നാലഞ്ചു സൈനികർ മത്സരിക്കുകയായിരുന്നു.

ബഗ്ദാദിൽ സദ്ദാമിനെ കിട്ടാതെ വന്നപ്പോൾ പ്രതിമയുടെ തകർച്ച ആഘോഷമാക്കി മാറ്റുകയും ചെയ്തു. യുദ്ധം ജയിച്ച സൈന്യത്തിന്റെ ആഹ്ലാദാരവങ്ങളത്രയും അന്നവിടെ കണ്ടു. സാധാരണ സൈനികരുടെ മനസ്സിൽപോലും സദ്ദാംവിരുദ്ധ വികാരം കത്തിനിന്നു. യഥാർഥ ശത്രു സദ്ദാമാണെന്ന സന്ദേശം അവരിലേക്ക് പകർന്നേകാൻ മാസങ്ങൾക്കു മുമ്പേ ശ്രമം നടന്നിരുന്നു. ഇറാഖ്-കുവൈത്ത് അതിർത്തി പ്രദേശങ്ങളിൽ പണിതുയർത്തിയ സൈനിക ക്യാമ്പുകളിൽ സെപ്റ്റംബർ പതിനൊന്നിന്റെ ടെലിവിഷൻ ഫൂട്ടേജുകൾക്കൊപ്പം സദ്ദാമിന്റെയും ബിൻലാദിന്റെയും ചിത്രങ്ങളും പ്രസംഗങ്ങളും ചേർത്തായിരുന്നു സൈനികരിൽ വീര്യം പടർത്തിയത്. സദ്ദാംനിഗ്രഹമാണ് തങ്ങളുടെ രാജ്യത്തിന്റെ പാവന ലക്ഷ്യമെന്ന് ഒട്ടും പക്വതയില്ലാത്ത ചില സൈനികർ വായാടിത്തം പറഞ്ഞുകൊണ്ടിരുന്നു.

സദ്ദാമിന്റെ കൊട്ടാരങ്ങൾ കൈക്കലാക്കിയ സംതൃപ്തിയിൽ സൈനിക മേധാവികൾ ബഗ്ദാദ് രാത്രികൾ ശരിക്കും ആഘോഷിച്ചു. മറ്റൊരു കൂട്ടർക്ക് പുരാവസ്തുക്കളിലായിരുന്നു കമ്പം. സമ്പന്നമായ മ്യൂസിയത്തിൽനിന്നും കൊട്ടാരങ്ങളിൽനിന്നും കട്ടുകടത്തിയ മുതലുകളെത്ര! ആരും ഇപ്പോൾ അതേക്കുറിച്ച് ചോദിക്കുന്നു പോലുമില്ല. ഇറാഖി തസ്കര സംഘങ്ങൾക്ക് പ്രോത്സാഹനം നൽകി ആഘോഷത്തിമിർപ്പിൽ അവരെയും ഉൾപ്പെടുത്താൻ സൈന്യം ഉദാരത കാണിച്ചു. അരാജകത്വവും സംഘർഷവുമില്ലെങ്കിൽ തങ്ങളുടെ നിലനിൽപ് ചോദ്യം ചെയ്യപ്പെടുമെന്ന ഭയം കൊണ്ടാവാം.

ഒന്നുറപ്പ്, ഒരുതരം പ്രാകൃത രതിയോടെയായിരുന്നു കവചിത വാഹനങ്ങൾ അന്ന് തലങ്ങും വിലങ്ങും പാഞ്ഞത്. സദ്ദാമിന്റെ മുഖഛായ തോന്നിച്ച ഇരുപത് ഇറാഖികളെയെങ്കിലും പിടികൂടി പെരുമാറിയെന്നാണ് 'അൽജസീറ' ലേഖകൻ തൈസീർ അല്ലൂനി അന്ന് വെളിപ്പെടുത്തിയത്. അവിടെയും അവസാനിച്ചില്ല. സൈനികാശുപത്രിയിൽ കൊണ്ടുതള്ളിയ മൃതദേഹങ്ങളിൽ സദ്ദാമിന്റെ മുഖഭാവം കണ്ടെത്താനായി സൈന്യം അവ തിരിച്ചും മറിച്ചും പരിശോധന നടത്തി. ചില മൃതദേഹങ്ങളിൽനിന്ന് സാ

മ്പിളുകളെടുത്ത് ഡി.എൻ.എ ടെസ്റ്റിനയക്കാൻ പ്രത്യേക വിംഗിനു തന്നെ രൂപം നൽകി.

അന്നും ഇന്നും ഒറ്റ ചോദ്യം മാത്രം ഉള്ളിലുയരുന്നു: പൂർവ സുഹൃത്തിനെ ഇത്രയേറെ വെറുക്കാൻ അമേരിക്കയെ പ്രേരിപ്പിച്ച യഥാർഥ കാരണം എന്തായിരിക്കും? സൈനിക ഭീഷണിയാകില്ലെന്നുറപ്പ്. സദ്ദാമിനു വേണ്ടി നടന്ന തെരച്ചിലും തിക്‌രീതിൽനിന്ന് പിടികൂടിയപ്പോഴുള്ള ആഹ്ലാദ പ്രതികരണവും ഒടുവിൽ അപ്രധാന കുറ്റകൃത്യത്തിന്റെ പേരിൽ അദ്ദേഹത്തെ വകവരുത്താനുള്ള അസാമാന്യ തിടുക്കവും ചേർത്തുവെച്ച് നോക്കുമ്പോൾ യുക്തിപൂർവകമായ ഒരുത്തരം ആരെങ്കിലും കണ്ടെത്തേണ്ടിയിരിക്കുന്നു.

2006 ഡിസംബർ 30 - സംഭവബഹുലമായ ഒരു ജീവിതത്തിന്റെ ദാരുണാന്ത്യമായിരുന്നു അന്ന്. അറബ്‌ലോകത്ത് ആദ്യമായി തൂക്കിലേറുന്ന ഒരു മുൻ ഭരണാധികാരി. വെളുപ്പിന് അഞ്ചരക്ക് ബാങ്ക് ക്രോപ്പറിൽനിന്ന് ബഗ്ദാദ് എയർപോർട്ടിനു സമീപമുള്ള 'ക്യാമ്പ് ജസ്റ്റിസി'ലേക്ക് സദ്ദാമിനെ യു.എസ് സൈനികർ കൊണ്ടുവന്ന് പുതുതായി പരിശീലനം നൽകിയ ഇറാഖി നാഷ്നൽ പോലീസിന് കൈമാറുന്നു. ഇത് പക്ഷേ, മാധ്യമഭാഷ്യം മാത്രം. എല്ലാം നിരീക്ഷിച്ച് യു.എസ് സൈന്യം അപ്പോഴും രംഗത്തുണ്ടായിരുന്നു. വിവരങ്ങൾ വാഷിംഗ്ടണിലേക്ക് പറന്നുകൊണ്ടിരുന്നു. ഗ്രീൻ സോണിനുള്ളിൽനിന്ന് 14 സാക്ഷികളെ കഴുമരം ഒരുക്കിയിടത്തേക്ക് കൊണ്ടുവന്നത് യു.എസ് ഹെലിക്കോപ്റ്ററുകളാണ്. എതിരിടൽവീര്യം ഉള്ളിലുറപ്പിച്ച സൈനിക നായതുകൊണ്ട് അവസാന നിമിഷങ്ങളിലും സദ്ദാം പതറിയില്ല. ആ തല ഉയർന്നുതന്നെ നിന്നു. ഒപ്പം ചെറുത്തുനിൽപിന്റെ മുദ്രാവാക്യവും; 'രാഷ്ട്രവും ജനതയും നീണാൾ വാഴട്ടെ. ഫലസ്തീൻ നീണാൾ വാഴട്ടെ. വഞ്ചകർ തുലയട്ടെ.'

കഴുമരത്തിലേക്ക് നയിക്കുമ്പോഴും കൈ മുന്നിൽ ബന്ധിച്ചിരുന്നു. ഓരോ നീക്കവും ക്യാമറ കണ്ണിലൂടെ സൈന്യം സദാ നിരീക്ഷിച്ചുകൊണ്ടിരുന്നു. യു.എസ് സൈനിക ഹെലിക്കോപ്ടർ മുകളിൽ റോന്തുചുറ്റി. പറഞ്ഞും കാണിച്ചും പഠിപ്പിച്ചതനുസരിച്ചാണ് ഇറാഖീ പോലീസുകാർ പ്രവർത്തിച്ചത്. മുഖ്തദ സ്വദ്റിനെ വാഴ്ത്തുന്ന മുദ്രാവാക്യം വിളിയും യു.എസ് തിരക്കഥയുടെ ഭാഗമാണോ എന്ന കാര്യത്തിൽ മാത്രമേ ശങ്കയുള്ളൂ.

2003 ഡിസംബറിൽ തിക്‌രീതിൽ പിടിയിലായ അന്നു തന്നെ സദ്ദാമിനെ അവർ വകവരുത്തും എന്നുറപ്പിച്ചതായിരുന്നു. ട്രൈബ്യൂണലും വിചാരണയും കോടതി വിധികളുമൊക്കെ അസംബന്ധ നാടകത്തിന്റെ നേരത്തേ എഴുതിത്തീർത്ത തിരക്കഥയിലെ ഭാഗങ്ങൾ മാത്രമായിരുന്നു. 2006 നവംബർ അഞ്ചിന് വധശിക്ഷ പുറപ്പെടുവിച്ചപ്പോൾ തന്റെ റോൾ കഴിഞ്ഞെന്ന് അഭിഭാഷകർക്കൊപ്പം സദ്ദാമും ഉറപ്പിച്ചതാണ്. അന്നുതന്നെ പ്രധാനമന്ത്രി നൂരി അൽ മാലികി പറഞ്ഞിരുന്നു; '2006-ൽ തന്നെ സദ്ദാമിന്റെ കഥ കഴിക്കും'!



ചേരിചേരാ രാജ്യങ്ങളും അറബ് ലോകവും മാത്രമല്ല വധശിക്ഷയുടെ നൈതികത ചോദ്യം ചെയ്യുന്ന യൂറോപ്യൻ രാജ്യങ്ങളും ഇത്തവണ മൗനം കൊണ്ടു. ഇടക്ക് ഒരു 'കമേഴ്ഷ്യൽ' ബ്രേക്ക്. 1996 സെപ്റ്റംബർ 27-ന്റെ ദിനം ഓർത്തെടുക്കുക. സോവിയറ്റ് റഷ്യയുടെ പാവയായി അഫ്ഗാനിൽ സ്വേഛാ ഭരണം നയിച്ച നജീബുല്ലയെ താലിബാൻ ഭരണകൂടം വധിച്ചപ്പോൾ ഉണർന്നെണീറ്റ ആ വികാരപ്രകടനം ഓർമ വരുന്നില്ലേ? രണ്ടു മാസം മുമ്പാണ് കൊലക്കുറ്റത്തിന് ബ്രിട്ടീഷ് പൗരനെ വധിക്കാൻ പാക് കോടതി വിധിച്ചത്. രായ്ക്കുരാമാനം അയാളെ രക്ഷപ്പെടുത്തി നാട്ടിലെത്തിച്ച ടോണി ബ്ലെയറുടെ ധീരമായ ഇടപെടലിനെ വാഴ്ത്തി ബ്രിട്ടീഷ് മാധ്യമങ്ങൾ എഡിറ്റോറിയലെഴുതി. ശുഭം, മംഗളം.

മിലോസെവിച്ചിന് നൽകിയ അന്താരാഷ്ട്ര നിയമദാക്ഷിണ്യം സദ്ദാമിന്റെ കാര്യത്തിൽ ഉണ്ടാകാതെ പോയി. ജനീവാ കരാർ വ്യവസ്ഥകളും ഇവിടെ തടസ്സമായില്ല. അധിനിവിഷ്ട ശക്തികൾക്ക് ആ രാജ്യത്തെ മുൻ ഭരണാധികാരിയെ വിട്ടുകൊടുക്കരുതെന്ന ലോക നിയാമക തത്ത്വവും ബലികൊടുക്കപ്പെട്ടു. ട്രൈബ്യൂണൽ വിധി അപ്പീൽ കോടതി ശരിവെച്ചപ്പോഴും ഒരു മാസത്തെ സാവകാശമുണ്ടായിരുന്നു ശിക്ഷ നടപ്പാക്കാൻ. പക്ഷേ, സദ്ദാമില്ലാത്ത പുതുവർഷം വേണമെന്നായിരുന്നു യാങ്കിയുടെ തീരുമാനം. കൊല്ലപ്പെട്ട മൂവായിരം സൈനികർക്കായി ഒരു സദ്ദാം ബലി.

1982-ൽ 148 പേരുടെ മരണത്തിനിടയാക്കിയ ദുജൈൽ കൂട്ടക്കൊലയുടെ പേരിലാണ് വധശിക്ഷ. സദ്ദാമിന് ശിക്ഷ വിധിക്കേണ്ടത് തങ്ങളുടെ നേർക്കു നടന്ന വൻ പാതകത്തിന്റെ പേരിലായിരിക്കണമെന്ന് ഇറാനും കുവൈത്തും പറഞ്ഞതാണ്. യാങ്കി കേട്ട ഭാവം നടിച്ചില്ല. എട്ടു വർഷം നീണ്ട ഇറാനെതിരായ യുദ്ധത്തിൽ മരിച്ചുവീണവരുടെ സംഖ്യ തന്നെ വരും പത്തു ലക്ഷത്തിനു മുകളിൽ. 1990-ൽ നടന്ന കുവൈത്ത് അധിനിവേശത്തിന്റെ വിലയും ചെറുതല്ല. പക്ഷേ, വിചാരണയുടെയും ശിക്ഷാവിധിയുടെയും നടത്തിപ്പുസ്വഭാവം വാഷിംഗ്ടൺ കൃത്യമായി ആലോചിച്ചുറപ്പിച്ചതായിരുന്നു. കുവൈത്തിനും ഇറാന്നും മേൽ നടന്ന ചെയ്തികളിലെ യാങ്കിയുടെ പങ്കാളിത്ത രേഖകൾ കൂടി പുറത്തുകൊണ്ടുവരുമെന്ന കാര്യം ഉറപ്പായിരുന്നു. ഇറാനിലെ ഇസ്‌ലാമിക വിപ്ലവത്തെ തകർക്കാൻ സദ്ദാമിന് അമേരിക്ക നൽകിയ സൈനികവും സാമ്പത്തികവും രാഷ്ട്രീയവുമായ സഹകരണം വളരെ വലുതായിരുന്നു. വിപ്ലവം ഇറക്കുമതി ചെയ്യുന്നത് തടയാൻ പശ്ചിമേഷ്യൻ ഭരണാധികാരികൾ പട്ടും വളയും നൽകി പ്രോത്സാഹിപ്പിച്ചു. കുവൈത്തിന്റെ പരമോന്നത പുരസ്കാരം പോലും കൈപ്പറ്റിയ ശേഷമാണല്ലോ ആ രാജ്യത്തിനെതിരെ പട നയിക്കാൻ സദ്ദാം തീരുമാനിച്ചത്. 1988-ൽ കുർദുകൾക്കു മേൽ രാസായുധം പ്രയോഗിച്ചത് അമേരിക്ക നൽകിയ ഹെലിക്കോപ്ടറുകൾ ഉപയോഗിച്ചാണെന്ന കാര്യവും വ്യക്തം.

കുവൈത്ത് അധിനിവേശത്തിന്റെ തിരിച്ചടി തന്ത്രപരമായ നിലപാടുമാറ്റത്തിന് സദ്ദാമിനെ പ്രേരിപ്പിച്ചു. ലിബറൽ ഘടനയോടുള്ള ഭാഗിക തിരസ്കാരവും ഇസ്‌ലാമിക മുദ്രകളോടുള്ള ആഭിമുഖ്യവും ഇറാഖീജനതയെ കൂടെ നിർത്താനുള്ള പൊതുതന്ത്രമായാണ് അന്ന് വിലയിരുത്തപ്പെട്ടത്. തടവുജീവിതകാലത്ത് ഒരുപക്ഷേ, താനകപ്പെട്ട നിസ്സഹായത കൊണ്ടാവാം സദ്ദാം ഈ രാഷ്ട്രീയം കുറേക്കൂടി സമർഥമായി ഉപയോഗിച്ചു. ഭിന്നതകൾ വെടിഞ്ഞ് ശത്രുവിനെതിരെ ഒന്നിക്കാനുള്ള ആഹ്വാനം സദ്ദാം ഉയർത്തി. ദൈവം അനുഗ്രഹിച്ചാൽ ധീര രക്തസാക്ഷിത്വത്തിലേക്ക് താൻ നടന്നടുക്കുമെന്നു വരെ സദ്ദാം പറഞ്ഞുവെച്ചു.

വിശുദ്ധ ഗ്രന്ഥം ഉയർത്തിക്കാട്ടി കോടതി മുറികളിൽ സദ്ദാം പൊട്ടിത്തെറിച്ചത് അറബ് പൊതുസമൂഹത്തെ കൃത്യമായി തന്നെ ലക്ഷ്യമിട്ടായിരുന്നു. ഇസ്‌ലാമും അറബ് ദേശീയതയും ഇറാഖി ദേശസ്നേഹവും ജ്വലിപ്പിക്കാൻ സദ്ദാം അപ്പോഴൊക്കെ ശ്രമിച്ചു. അറബ് മനസ്സിലേക്കിറങ്ങാൻ ഫലസ്ത്വീൻ ഏറ്റവും നല്ല പ്രതീകമാണെന്നും സദ്ദാമിനറിയാമായിരുന്നു. 1967-ന്റെ തിരിച്ചടിയുടെ വേദന ഉള്ളിൽ കൊണ്ടുനടന്ന ജനതക്ക് സൈനിക യൂനിഫോമിൽ സദ്ദാം നടത്തിയ പ്രസ്താവനകൾ ഒന്നുമില്ലായ്മക്കിടയിൽ വലിയ പ്രതീക്ഷകൾ നൽകി. കൊട്ടാര വിരുന്നു സൽക്കാരങ്ങളുടെ പോരിശയും രാജാക്കന്മാരുടെ പോക്കുവരവുകളും മാത്രം വിളമ്പുന്ന ഔദ്യോഗിക മാധ്യമങ്ങളുടെ ആവർത്തനവിരസിത ബിംബങ്ങൾക്കിടയിൽ വീണുകിട്ടിയ പ്രത്യാശനിറഞ്ഞ വിരുദ്ധ ബിംബങ്ങളായി മാറാൻ ബിൻലാദിൻ മുതൽ സദ്ദാം വരെയുള്ളവർക്ക് കഴിഞ്ഞുവെന്നതാണ് വസ്തുത. ബിൻലാദിന് ആദരവിന്റെ തലം കിട്ടിയെങ്കിൽ സദ്ദാമിന്റെ ഇന്നലെകൾ പൊതുസ്വീകാര്യതക്ക് വിലങ്ങുതടിയായി. പക്ഷേ, അഫ്ഗാനും ഇറാഖും വീഴ്ത്തിയ അമേരിക്കയോടുള്ള പക പൊതുമനസ്സിൽ നിറഞ്ഞിരുന്നു. ആ പകയിൽ ഏതു ദുർബല പ്രതീകങ്ങളും അറബ് മനസ്സിന്റെ നെഞ്ചോട് ചേർന്നു നിൽക്കുക സ്വാഭാവികം.

എന്തിന്, പവിത്രദിനം തന്നെ അവർ തെരഞ്ഞെടുത്തു? -ഈ ചോദ്യമാണ് മുസ്‌ലിം മനസ്സിൽ പിടച്ചിലോടെ തികട്ടിവരുന്നത്. പുണ്യഭൂമികളിൽ ടെന്റിൽ കഴിയുന്ന തീർഥാടക ലക്ഷങ്ങൾ മുതൽ അറബ് ഗ്രാമീണർ വരെ ഈ ചോദ്യം ഉയർത്തുന്നു. ജീവിത ബലിദാനത്തിലൂടെ സദ്ദാമിനെ അനശ്വരമാക്കുന്നതിന്റെ രാഷ്ട്രീയം എന്താണ്? പാർലമെന്റിൽ മുപ്പതംഗങ്ങളുള്ള മുഖ്തദ സ്വദ്റിനെ അനുനയിപ്പിക്കാൻ ഈ നാടകം വേണമായിരുന്നോ? അതോ, ലോക മുസ്‌ലിം വൈകാരിക ചിഹ്നങ്ങളെ അടിക്കടി നിന്ദിക്കാനുള്ള പുതിയ കുരിശുയുദ്ധ പ്രതീകങ്ങളുടെ വ്യാപ്തിയേറിയ വംശീയത്വരയോ?

സദ്ദാമിനെ ഇത്ര ധൃതിപിടിച്ച് തൂക്കിക്കൊന്നതിൽ അമേരിക്കക്കും അതൃപ്തിയുണ്ടെന്ന് വരുത്തിത്തീർക്കാനായിരുന്നു സി.എൻ.എൻ വിഫല ശ്രമം നടത്തിയത്. യു.എസ് പ്രസിഡന്റും ഇറാഖ് പ്രസിഡന്റും ചേർന്ന് ഒരു മുൻ പ്രസിഡന്റിനെ വകവരുത്തിയതിന്റെ പാപക്കറ മാറ്റിയെടുക്കാനുള്ള വെപ്രാളം. കഴുമരത്തിലേറുന്ന മനുഷ്യനെ അവഹേളിക്കാനുള്ള നീക്കങ്ങൾ അജ്ഞാത മൊബൈൽ ക്യാമറ ദൃശ്യമായി പ്രചരിക്കുകയായിരുന്നു. അന്യായം ചെയ്തതല്ല, അത് മൊബൈലിൽ പകർത്തിയതാണ് കുറ്റമെന്ന് ഇറാഖ് സർക്കാർ പറയുന്നു. 'ഇലാ ജഹന്നം' (നരകത്തിലേക്ക് പോകൂ) എന്ന ആക്രോശവും മുഹമ്മദ് ബാഖിർ സ്വദ്റിനും മുഖ്തദക്കും വേണ്ടിയുള്ള മുദ്രാവാക്യം വിളികളും ഇറാഖിന്റെ ശൈഥില്യത്തിന് ആക്കം കൂട്ടുന്ന മൊഴികളായി മാറും. ദൃഢചിത്തനായി ശഹാദത്ത് ചൊല്ലി മരണത്തിലേക്കുള്ള സദ്ദാമിന്റെ നടന്നുകയറ്റം മറ്റൊരു പ്രതീകമാനവും പകർന്നേകുന്നുണ്ട്.

മുൻ സ്വേഛാധിപതികളെ വധിക്കുമ്പോൾ കാണിച്ച നേരും നെറിയുമൊന്നും ഇവിടെ കണ്ടില്ല. പ്രാകൃതമായ ഒരുതരം പകതീർക്കൽ തന്നെയായിരുന്നു വധശിക്ഷയിലുടനീളം കണ്ടത്. ഹിറ്റ്ലറിൽനിന്നും കുറ്റകൃത്യങ്ങളുടെ നിരവധി തെളിവുകൾ ലഭിക്കുമായിരുന്ന ഘട്ടത്തിലാണ് അയാൾ ആത്മഹത്യ ചെയ്തത്. ഇവിടെ സദ്ദാമിൽ ആരോപിക്കപ്പെട്ട ഏറ്റവും വലിയ കുറ്റകൃത്യങ്ങളുടെ തെളിവുകൾ ലഭിക്കേണ്ടിയിരുന്നു. ചുരുൾ നിവരും മുമ്പെ കൊന്നുകളയുകയായിരുന്നു. വിചാരണാ വേളയിൽ ഇത്തരം തെളിവുകൾ നിരത്താൻ സദ്ദാം സന്നദ്ധനായിരുന്നുവെന്നാണ് സാക്ഷികളായിരുന്ന മാധ്യമ പ്രവർത്തകരുടെ മൊഴി. വിചാരണയും ഫണ്ടിംഗുമൊക്കെ അമേരിക്ക തന്നെ. കോടതി മുറിയിലേക്കുള്ള പ്രവേശനാനുമതി പോലും യു.എസ് നിയന്ത്രണത്തിലായിരുന്നു. തങ്ങൾക്ക് ദോഷം വരുമാറുള്ള ഒരു രഹസ്യവും പുറത്തുവരരുതെന്ന് അമേരിക്ക നിഷ്കർഷിച്ചു. ട്രൈബ്യൂണൽ ജഡ്ജിമാരും അഭിഭാഷകരും സദ്ദാമിനെ വിചാരണ ചെയ്തത് അമേരിക്കൻ ഉപദേശകർ നിർദേശിച്ചതുപ്രകാരമായിരുന്നുവെന്നാണ് ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ കുറ്റപ്പെടുത്തൽ. സദ്ദാമിന്റെ വാദങ്ങളുടെ മൊഴിമാറ്റം യു.എസ് പ്രതിനിധികൾ ഇടപെട്ട് തടയുകയായിരുന്നു പലപ്പോഴും.

സമാധാനിക്കാം, ഇറാഖിന്റെ ഭരണ നേതൃത്വത്തിലിരുന്ന പലരുടെയും വിധി ഇങ്ങനെയൊക്കെ ആയിരുന്നുവെന്ന്. 1933-ൽ അധികാരമേറ്റ ഫൈസൽ രാജാവ് ഒന്നാമന്റെ പിതാവ് ഗാസി രാജാവ് സംശയാസ്പദമായ കാറപകടത്തിലാണ് വിടവാങ്ങിയത്. ബാഖിർ സിദ്ഖി 1936-ൽ നടന്ന അട്ടിമറിവേളയിൽ സൈനികരാൽ കൊല്ലപ്പെട്ടു. 1958-ലെ വിപ്ലവത്തിൽ കൊട്ടാരത്തിൽ വെച്ചായിരുന്നു ഫൈസൽ രാജാവ് രണ്ടാമന്റെ മരണം. അബ്ദുൽ കരീം ഖാസിം സൈനിക അട്ടിമറിയിൽ മരിച്ചത് 1963-ൽ. 1963-ലെ സൈനിക അട്ടിമറിയെ തുടർന്ന് പ്രസിഡന്റായ അബ്ദുസ്സലാം മുഹമ്മദ് ആരിഫിന് 1966-ൽ വിമാനാപകടത്തിൽ മരണപ്പെടാനായിരുന്നു വിധി. ഇയാളുടെ സഹോദരൻ ബദ്റുർറഹ്മാൻ മുഹമ്മദ് ആരിഫ് അധികാരത്തിൽ വന്നെങ്കിലും 1968-ൽ നാടുകടത്തപ്പെട്ടു. അതേ വർഷം പ്രസിഡന്റായ അഹ്മദ് ഹസനുൽ ബാഖിർ 1979-ൽ അധികാരഭ്രഷ്ടനാവുകയും മൂന്നു വർഷത്തിനു ശേഷം സംശയാസ്പദ സാഹചര്യത്തിൽ മരണപ്പെടുകയും ചെയ്തു. പുതിയ ഒറ്റുകാരെയും കൂട്ടിക്കൊടുപ്പുകാരെയും കാത്തിരിക്കുന്നത് ഒട്ടും മാന്യതയില്ലാതെ ദുരന്തം തന്നെയായിരിക്കും. ഇറാനെതിരെ യാങ്കിക്കൊപ്പം ചേർന്ന് പൊരുതുമ്പോഴാണത്രെ സദ്ദാമിന്റെ മരണം യാങ്കിയുടെ കൈ കൊണ്ടായിരിക്കുമെന്ന് ഖുമൈനി പറഞ്ഞത്, കാലം സാക്ഷി. ■